**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4673** — **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. അൻവർ സാദത്ത്</th><th colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഇറിഗേഷൻ വകുപ്പിൽ ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ജില്ലാ ഓഫീസുകൾക്ക് കീഴിലുള്ള വിവിധ ഓഫീസുകളിലുമായി ടൈപ്പിസ്റ്റ് കാറ്റഗറിയിൽ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ വിഭാഗങ്ങളിൽ എത്ര വീതം അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് പറയാമോ; ഇതിൽ ഓരോ വിഭാഗത്തിലും എത്ര വീതം ഒഴിവുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ;</td><td>(എ)</td><td>
<table>
<tr><th>തസ്തിക</th><th>അംഗീകൃത തസ്തികകളുടെ എണ്ണം</th><th>ഒഴിവുകൾ</th></tr>
<tr><td>എൽ.ഡി ടൈപ്പിസ്റ്റ്</td><td>90</td><td>ഇല്ല</td></tr>
<tr><td>യു.ഡി ടൈപ്പിസ്റ്റ്</td><td>90</td><td>23</td></tr>
<tr><td>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്</td><td>89</td><td>28</td></tr>
<tr><td>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്</td><td>89</td><td>29</td></tr>
<tr><td>ഫെയർ കോപ്പി സൂപ്രണ്ട്</td><td>7</td><td>3</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം, ഒഴിവുകൾ ഉണ്ടായ തീയതി സഹിതം ആസ്ഥാന ഓഫീസും ജില്ലാ ഓഫീസുകളും മറ്റ് ഓഫീസുകളും തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>നിലവിൽ ഇറിഗേഷൻ വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.</td></tr>
<tr><td>(സി)</td><td>ഇറിഗേഷൻ വകുപ്പിൽ നിലവിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;</td><td>(സി)</td><td>നിലവിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ തടസ്സമില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | ഇറിഗേഷൻ വകുപ്പിൽ വിവിധ ടൈപ്പിസ്റ്റ് വിഭാഗങ്ങളിലായി എത്ര തസ്തികകളാണ് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം തസ്തികകൾ എത്രവീതം എന്ന വിവരം തസ്തികകൾ നിർത്തലാക്കുന്നതിനുള്ള കാരണം സഹിതം ലഭ്യമാക്കുമോ? | (ഡി) | ഇറിഗേഷൻ വകുപ്പിൽ വിവിധ ടൈപ്പിസ്റ്റ് വിഭാഗങ്ങളിലായി തസ്തികകളൊന്നും നിർത്തലാക്കുന്നതിന് തീരുമാനം ഒന്നുംതന്നെ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ